പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1465

14/12/2012 - ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച തുക

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|---|
| (എ) 2011 - 12 -ൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്താമോ; | (എ) | 2011-12 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്രവിഹിതമായി 95105.43 ലക്ഷം രൂപ, സംസ്ഥാന വിഹിതമായി 2510.25 ലക്ഷം രൂപ, മുൻ ബാക്കി ഉൾപ്പെടെ 112923.30 ലക്ഷം രൂപ ലഭ്യമായിരുന്നു. ഇതിൽ 104808.03 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) നടപ്പ് സാമ്പത്തിക വർഷം ഇതിനായി അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ 'എൻ.ആർ. ഇ.ജി.എസ് ഫണ്ട് കേരള' രൂപീക രിക്കുകയും ആയതിലേക്ക് കേന്ദ്ര വിഹിതമായി 105373.04 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 2102.03 ലക്ഷം രൂപയും മുൻ ബാക്കിയും ഉൾപ്പെടെ 122734.75 ലക്ഷം രൂപ ലഭ്യമായതിൽ 11.12.2012 വരെ 73945.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) നടപ്പു സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങൾ നാളിതുവരെ നൽകാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ; | (സി) | നടപ്പ് സാമ്പത്തിക വർഷം 11/12/2012 വരെ 439.02 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് ഏതെങ്കിലും ഏജൻസിക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ? | (ഡി) | പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ